"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.614/2025/TAXES തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:- 1. 11/12/2024 തീയതിയിലെ ജി.ഒ. (എം.എസ്.) നം.79/2024/TAXES

2. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18/03/2025 ലെ LWHO/71/2024-E1 നമ്പർ കത്ത്

**ഉത്തരവ്**

2021-ലെ BR-79 നമ്പർ ലൈഫ് വിഷു ബമ്പർ ഭാഗ്യക്കുറിയുടെ ലാഭവിഹിതമായി ലഭിച്ച ₹9,47,55,003.17/- (ഒൻപത് കോടി നാല്പത്തി ഏഴ് ലക്ഷത്തി അൻപത്തയ്യായിരത്തി മൂന്ന് രൂപ പതിനേഴ് പൈസ മാത്രം) വിനിയോഗിച്ച്, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമ പദ്ധതി-2009 ലെ ഖണ്ഡിക 35-ൽ പരാമർശിക്കുന്ന ഭവന പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കി ഉത്തരവായിരുന്നു.

2. ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണെന്നും അതിനായി വകയിരുത്തിയിട്ടുള്ള തുക ക്ഷേമനിധി ബോർഡിന്റെ 2075-00-103-96-00-10-00 NV Lottery agents and sellers welfare fund contributions എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും ടി തുക ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസിന് ഫെഡറൽ ബാങ്കിന്റെ തിരുവനന്തപുരം സ്റ്റാച്യൂ ബ്രാഞ്ചിലുള്ള അക്കൗണ്ടിലേയ്ക്ക് (Account No. 10300100427691 IFSC : FDRL0001030) വരവാക്കി നല്കണമെന്നും പരാമർശം (2) പ്രകാരം ക്ഷേമനിധി ബോർഡ് സി.ഇ.ഒ. അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി 2075-00-103-96-10 NV ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ₹9,47,55,003.17/- (ഒൻപത് കോടി നാല്പത്തി ഏഴ് ലക്ഷത്തി അൻപത്തയ്യായിരത്തി മൂന്ന് രൂപ പതിനേഴ് പൈസ

മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസിന് ഫെഡറൽ ബാങ്കിന്റെ തിരുവനന്തപുരം സ്റ്റാച്യൂ ബ്രാഞ്ചിലുള്ള അക്കൗണ്ടിലേയ്ക്ക് (Account No. 10300100427691 IFSC : FDRL0001030) വരവാക്കി നല്കേണ്ടതാണ്.

4. ടി തുക ഭവന നിർമ്മാണ പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി മാത്രം വിനിയോഗിക്കേണ്ടതും പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം ശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ടതുമാണ്. പദ്ധതിക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച് ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ വിശദമായ വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
5. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
8. ധനകാര്യ വകുപ്പ് (07.06.2025-ലെ [3100084] Exp.B1/186/2025-Fin പ്രകാരം)
9. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/285/2023-TAXES)

ഉത്തരവിൻ പ്രകാരം

Signed by Babu. G
Date: 28-06-2025 11:58:48

സെക്ഷൻ ഓഫീസർ